# Academic Master Plan

SMV Govt LP School
Kallara

Scanned with OKEN Scanner

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പ്രതീക്ഷിത നേട്ടങ്ങൾ
9. ഉപസംഹാരം.

Scanned with OKEN Scanner

1. ആമുഖം

കല്ലറ ഗ്രാമപഞ്ചായത്തിലെ കല്ലറ സൗത്ത് എന്ന ഗ്രാമത്തിലാണ് വിദ്യാലയം. തികച്ചും ഗ്രാമാന്തരീക്ഷത്തിലാണ് സ്കൂൾ നിലനിൽക്കുന്നത്. സ്കൂളിന്റെ സമീപ പ്രദേശത്താണ് ചേപ്പിലോട് മഹാദേവ ക്ഷേത്രം. ഇത് നാടിന് ഐശ്വര്യം പ്രദാനം ചെയ്യുന്നു എന്ന് സമീപ വാസികൾ അവകാശപ്പെടുന്നു.

കല്ലറ ഗ്രാമപഞ്ചായത്തിലെ II, III വാർഡുകളിലായി മെയിൻ റോഡിന്റെ ഇരുവശങ്ങളിലുമായിട്ടാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കല്ലറ ഗ്രാമപഞ്ചായത്തിലെ CRC സ്കൂൾ ആയ SMV Govt LP School ന് സ്വന്തമായി ഏകദേശം ഒരേക്കറോളം സ്ഥലമുണ്ട്. സ്കൂളിന്റെ മുൻ വശത്തുള്ള ഗ്രൗണ്ട് റോഡ് നിരപ്പിനേക്കാൾ താഴെയായതിനാൽ മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുന്നു.

സ്കൂളിന്റെ ആരംഭകാലത്ത് മൂന്ന് ഡിവിഷനുകൾ വീതമുണ്ടായിരുന്നു. എന്നാൽ അൺ-എയ്ഡഡ് വിദ്യാലയങ്ങളുടെ വർദ്ധനവും, ഭൗതിക സൗകര്യ സാഹചര്യങ്ങളുടെ അപര്യാപ്തതയും മൂലം ഇന്ന് പ്രീ-പ്രൈമറി മുതൽ IV-ാം ക്ലാസ് വരെ 60 കുട്ടികൾ മാത്രമാണുള്ളത്.

കല്ലറ ഗ്രാമപഞ്ചായത്തിലെ II-ാം വാർഡിൽ ഉൾപ്പെടുന്ന സാമൂഹ്യമായും സാമ്പത്തികമായും വളരെ പിന്നിൽ നിൽക്കുന്നവരുമായ മരങ്ങാട് പ്രദേശത്തുള്ളവരാണ് ഭൂരിപക്ഷം വിദ്യാർത്ഥികളും. സ്കൂളിൽ നിന്നും ഏകദേശം 7km അധികം

ദൂരെയുള്ള ഉൾപ്രദേശങ്ങളിൽനിന്നും ഈ സ്കൂളിന്റെ നിർദ്ദേശത്തിൽ സ്വകാര്യവാഹനത്തിലാണ് കുട്ടികളെ സ്കൂളിൽ എത്തിക്കുന്നത്. ഈ പഞ്ചായത്തിലെ തന്നെ കുമ്പളോട്, പരത്തൻപള്ളി, കടുക്കരത്തി ഗ്രാമപഞ്ചായത്തിലെ നീലിവലക്കുന്ന് എന്നീ പ്രദേശങ്ങളിൽ നിന്ന് വാഹനത്തിലാണ് കുട്ടികളെ സ്കൂളിൽ എത്തിക്കുന്നത്.

ഭൗതിക സാമൂഹ്യ സാഹചര്യങ്ങളുടെ പരിമിതിക്കുള്ളിലും ചിട്ടയായ പ്രവർത്തനങ്ങളിലൂടെ രക്ഷകർത്താക്കളുടെയും ഗ്രാമപഞ്ചായത്തിന്റെയും സഹായ സഹകരണത്തോടെ, അധ്യാപകരുടെ കൂട്ടായ്മയിലൂടെ നേടിയെടുക്കുക എന്ന ലക്ഷ്യം നേടിയെടുക്കാൻ ഞങ്ങൾ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ മികച്ചതും സൗജന്യവുമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിവേഷത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക
3. എൽ.കെ.ജി മുതൽ 4-10 ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുള്ള പ്രവർത്തനങ്ങളും രൂപപ്പെടുത്തൽ
4. അദ്ധ്യാപനവും അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

Scanned with OKEN Scanner

## സ്കൂളിന്റെ അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് - SMV Govt LP school kallara
2. സ്കൂൾ കോഡ് - 45329
3. വിദ്യാഭ്യാസ ഉപ ജില്ല - കുറവിലങ്ങാട്
4. വിദ്യാഭ്യാസ ജില്ല - ~~കോട്ടയം~~ കടുത്തുരുത്തി
5. റവന്യൂ ജില്ല - കോട്ടയം
6. ബി.ആർ.സി - കുറവിലങ്ങാട്
7. സി.ആർ.സി - കല്ലറ
8. ഗ്രാമപഞ്ചായത്ത് - കല്ലറ
9. ലോക്കൽ ബോഡി - കടുത്തുരുത്തി
10. താലൂക്ക് - ~~കല്ലറ~~ വൈക്കം
11. സംസ്ഥാനം - കേരളം.
12. email id - smvgovtlpschool@gmail.com
13. പിൻ കോഡ് - 686611.
14. Udise code - 32100900402.
15. കുട്ടികളുടെ എണ്ണം - 60.
16. അധ്യാപകർ - 5
17. അനധ്യാപകർ - 2

Scanned with OKEN Scanner

## വിദ്യാലയ വികസനത്തിന്റെ ലക്ഷ്യം - കാഴ്ചപ്പാട്

1. മോചനമാർഗ്ഗങ്ങളെന്നതോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനോടും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോ ഫ്രെയറിന്റെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പരിവർത്തിപ്പിക്കുക

2. പാഠ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവമായ പങ്കാളിത്തത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

3. ശുചിത്വം, ദിനാചരണങ്ങൾ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും ആർജ്ജിച്ചെടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ

4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

5. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചെടുത്ത് വികസിക്കുന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ

6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സംരക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## സ്കൂളിന്റെ ചരിത്രം

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ കല്ലറ പഞ്ചായത്തിൽ II III വാർഡുകളിലായിട്ടാണ് SMV Govt LP School കല്ലറ സ്ഥിതി ചെയ്യുന്നത്.

അധഃസ്ഥിതർക്കും സ്ത്രീകൾക്കും വിദ്യാഭ്യാസം നിഷേധിച്ചിരുന്ന കാലഘട്ടത്തിൽ നാടിന്റെ വളർച്ചയ്ക്ക് വിദ്യാഭ്യാസത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് കാഞ്ഞിരം പറമ്പിൽ ശ്രീ മാണിക്യത്തമ്മ തന്നെ മുൻകൈ 1926 ൽ ആരംഭിച്ചതാണ് ഈ സ്കൂൾ. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് മുൻതൂക്കം നൽകിക്കൊണ്ട് ആരംഭിച്ച ഈ സ്ഥാപനം ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നത് ഓലമേഞ്ഞ കെട്ടിടത്തിലായിരുന്നു. മാണിക്യത്തമ്മയുടെ ഇളയ മകളുടെ പരേതനായ ശ്രീ കൃഷ്ണപിള്ള സാറിന്റെ പ്രവർത്തനഫലമായി ഈ പള്ളിക്കൂടം അഞ്ചാം ക്ലാസുവരെയുള്ള സ്കൂളായി മാറി.

1952 ൽ പ്രൈമറി സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടപ്പോൾ എൽ. പി വിഭാഗം സർക്കാരിലേക്ക് സറണ്ടർ ചെയ്തു. ഇന്നും ഈ സ്കൂൾ ശ്രീമതി മാണിക്യത്തമ്മയുടെ നാമധേയത്തിൽ ശ്രീ മാണിക്യവിലാസം ഗവ. എൽ പി സ്കൂൾ എന്നറിയപ്പെട്ടു കൊണ്ട് പ്രവർത്തിച്ചു വരുന്നു.

Scanned with OKEN Scanner

5 പദ്ധതി രൂപീകരണ പ്രക്രിയ

1. SRG യോഗത്തിൽ 2025-2027 സ്കൂൾ വികസനം എന്ന കാഴ്ചപ്പാട് അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

2: വികസനാവശ്യങ്ങളിൽ വിദ്യാലയത്തിന്റെ ഭൗതിക അക്കാദമിക സാഹചര്യങ്ങളുടെ വികസനത്തിൽ ഊന്നൽ നൽകി.

3) കരട് രൂപരേഖ SRG, SMC, PTA, MPTA, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിച്ചു.

4) ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

5 PTA നേതൃത്വത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച പദ്ധതിരേഖ തയ്യാറാക്കൽ

6. നിലവിലെ അവസ്ഥാവിശകലനം.

ഭൗതികം.

നഴ്സറിക്ക് അനുവദിച്ച കെട്ടിടത്തിലാണ് 1 മുതൽ 4 വരെയുള്ള ക്ലാസുകൾ പ്രവർത്തിക്കുന്നത്. അവിടെ ക്ലാസ് മുറികൾ സ്ക്രീൻ ഉപയോഗിച്ച് വേർതിരിച്ചിരിക്കുന്നു. LKG, UKG എന്നീ ക്ലാസുകൾ ഒന്നിച്ചാണ് പ്രവർത്തിക്കുന്നത്.

എല്ലായിടത്തും ഭീതി പരത്തിക്കൊണ്ട് കൊറോണ വ്യാപിച്ച കാലം സ്കൂളുകൾ രണ്ടു വർഷത്തോളം അടഞ്ഞുകിടന്നു. എന്നാൽ സ്കൂൾ തുറന്നതോടെ സ്കൂളിന്റെ പ്രധാന കെട്ടിടം പ്രവർത്തന രഹിതമായി. ഓടുകൾ നിലംപതിച്ചും മേൽക്കൂര ദ്രവിച്ചും സ്കൂളിന്റെ പ്രധാന കെട്ടിടം പ്രവർത്തന രഹിതമായി. ഒന്ന് മുതൽ നാല് വരെയുള്ള

Scanned with OKEN Scanner

ക്ലാസുകൾ സെക്കന്ററി സീനിയറുടെ കെട്ടിടത്തിലേക്ക് മാറ്റി. ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ കെട്ടിടങ്ങൾ ഇല്ല. ഇപ്പോൾ LP ക്ലാസ് നടക്കുന്ന സ്കൂളിന്റെ ചുറ്റുമതിൽ ഇടിഞ്ഞ് വീണിരിക്കുകയാണ്. ഇതിന് കവാടമില്ല. ഓഡിറ്റോറിയം ഇല്ല. കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ മുറി ആവശ്യമാണ്. ജൈവികമായ രീതിയിൽ പഴങ്ങളും, പച്ചക്കറികളും എന്നിവ നിർമ്മിക്കണം.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.

| അക്കാദമിക | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ, ഗേറ്റ് | PTA ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | കളിസ്ഥലം | SMC കാര്യക്ഷമമാക്കൽ |
| വായനാ പരിപോഷണം | ക്ലാസ് മുറികൾ | വിദ്യാലയ വികസനങ്ങൾ പൊതുസമൂഹവുമായി പങ്കിടുക |
| ലൈബ്രറി ശാക്തീകരണം | ഓഫീസ് മുറി | ഭവന സന്ദർശനം |
| കലാ-കായിക മേള | സ്റ്റാഫ് മുറി | ക്ലബ്ബുകൾ, പൂർവ്വാധ്യാപകർ, പൂർവ്വ വിദ്യാർഥികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക. |
| ദിനാചരണം | ഡൈനിംഗ് ഹാൾ | |
| കായിക പഠനം | ലാബ് | |
| പ്രവൃത്തി പരിചയ പഠനം | ലബോറട്ടറി | |
| പഠനയാത്രകൾ | ഡൈനിംഗ് ഹാൾ | |
| നല്ല പുസ്തകങ്ങൾ തിരഞ്ഞെടുക്കൽ | കളികളോടും പഴങ്ങളോടും | |
| ക്ലാസ് പരീക്ഷകൾ | ടോയ്‌ലറ്റ് | |
| റീഡിംഗ് റൂം മെച്ചപ്പെടുത്തൽ | വൃത്തിയുള്ള അടുക്കള | |
| പതിപ്പുകൾ തയ്യാറാക്കൽ | കായികാധ്യാപകരുടെ സേവനം | |
| മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള അസംബ്ലി | കമ്പ്യൂട്ടറുകൾ | |
| അസംബ്ലികളിൽ വിവിധ പരിപാടികൾ അവതരിപ്പിക്കൽ | ലൈബ്രറി വിപുലീകരണം | |

Scanned with OKEN Scanner

# അക്കാദമികം

എന്റെ സ്കൂൾ എന്റെ സ്വപ്നം. എന്റെ സ്കൂളിനെ പൂർണ്ണമായും മികച്ചതാക്കുക എന്ന സ്വപ്നത്തോടെ അക്കാദമിക പ്രവർത്തനങ്ങളിൽ മികവ് ഉണ്ടാക്കാൻ ഞങ്ങൾ ശ്രമിക്കും. ഭാഷാ ശേഷി വികസനത്തിനായി ലൈബ്രറി ശാക്തീകരിക്കും. പൂർവ്വ വിദ്യാർത്ഥികളുടേയും രക്ഷകർത്താക്കളുടേയും സഹായ സഹകരണങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തും. പഠന, വാസികൾക്കായി സ്പോൺസർമാരെ കണ്ടെത്തും. ക്ലാസുകളിൽ കുട്ടികളെ കൊണ്ട് പത്രം വായിപ്പിക്കും. അവർക്ക് പത്രവാർത്ത പറഞ്ഞ് എഴുതാൻ സഹായിക്കുകയും അത് മോണിറ്റർ ചെയ്യാൻ ഒരു ടീമിനെ ഏൽപ്പിക്കുകയും ചെയ്യും. നല്ല പദങ്ങൾ തിരഞ്ഞെടുക്കാൻ കുട്ടികളെ സഹായിക്കും. ഇതിനായി ഒരു റീഡിംഗ് റൂമിന്റെ ആവശ്യമുണ്ട്. പരിമിതമായ സ്ഥലം കൊണ്ട് ഇത് സാധ്യമാക്കുന്നതിനുള്ള സന്നാഹങ്ങൾ ഒരുക്കും.

കലാ കായിക മേഖകളിൽ പങ്കെടുക്കുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും. അതിനായി അവർക്ക് ഒരു കായിക അധ്യാപകന്റെ സഹായം ലഭ്യമാക്കും. പഞ്ചായത്തിന്റെ ഈ സഹായം ഇതിനായി അഭ്യർത്ഥിക്കും. പ്രവൃത്തി പരിചയ പഠനം അധ്യാപകരുടെ സഹായത്തോടെ വിപുലീകരിക്കും. കുട്ടികളെ കലാ മേഖകളിൽ പങ്കെടുപ്പിക്കും. എല്ലാ ദിനാചരണങ്ങളും ആചരിക്കും. അതിനുവേണ്ടി പതിപ്പുകൾ തയ്യാറാക്കും. ഭാഷാ ശേഷി വികസനത്തിനായി മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള അസംബ്ലികൾ

അക്കാദമികം.

നടത്തുക - അസംബ്ലികളിൽ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുക. ഗണിത ശേഷി വികസനത്തിനായി ഗണിതം കളികളിലൂടെ എന്ന ആശയം പിന്തുടരുക. പഠനയാത്രകൾ നടത്തുക. അതിൽ രക്ഷകർത്താക്കളെയും പങ്കെടുപ്പിക്കുക. അങ്ങനെ കുട്ടികൾക്കൊപ്പം രക്ഷകർത്താക്കളെയും ഞങ്ങൾ ചേർത്ത് പിടിക്കും.

ഭൗതികം.

കൊറോണ നാടിനെ നടുക്കിയ കാലം. സ്കൂളുകൾ അടഞ്ഞ് കിടന്നു. കൊറോണ ശമിച്ചപ്പോൾ സ്കൂളുകൾ എല്ലാം തുറന്ന് പ്രവർത്തിച്ച് തുടങ്ങി. ആദ്യം ഷിഫ്റ്റ് സമ്പ്രദായത്തിൽ ക്ലാസുകൾ ആരംഭിച്ചു. അത് കഴിഞ്ഞ് ക്ലാസുകൾ റെഗുലറായി തുടങ്ങി. എന്നാൽ ഞങ്ങളുടെ സ്കൂൾ കെട്ടിടം വാങ്ങും തീർന്നിരു. സ്കൂൾ അൺഫിറ്റാണെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. പഠനത്തിനായി വേറ് ഇടങ്ങൾ തേടേണ്ടി വന്നു.

എന്നാൽ ഇപ്പോൾ പഴയ കെട്ടിടം പൊളിച്ച് കളഞ്ഞ് അതിന്റെ സ്ഥാനത്ത് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള അനുമതി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ലഭിച്ചു. എല്ലാവരും അതിനായി കാത്തിരിക്കുകയാണ്.

ചുവരുകളിൽ ഉയർത്തിക്കെട്ടി പെയിന്റ് ചെയ്ത നിലവിലുള്ള ബോർഡ് ചാർട്ട് എന്നിവ നന്നാക്കുക. സ്കൂൾ മുഴുവൻ വൈദ്യുതീകരണത്തിനടപ്പാ

ഫോൺ വിളിക്കുക. ക്ലാസ് മുറികളിൽ ചർച്ച
അവാർഡ് / റാങ്ക് എന്നിവ പിടിപ്പിക്കുക. പഠനോത്സവം
പഠനയാത്ര തുടങ്ങിയ എന്നിവയുടെ നിർവഹണം.
കൂടാതെ ഉല്ലാസ/വാർഷികാഘോഷങ്ങൾ. ഇതിനായി കായിക
വകുപ്പിന്റെ സഹായം ഉപയോഗപ്പെടുത്താം. ഒരു
കുട്ടിക്ക് ഒരേസമയം ഇതിൽ പങ്കെടുപ്പിക്കാം. Adapted
toilet നിർമ്മാണം. ഇതിനു പറ്റിയ സൗകര്യങ്ങ
ളൊരുക്കാനും ഞങ്ങൾ ശ്രമിക്കുന്നു. ഇത്
ഒളിമ്പ്യാൻ ഉയർത്ത നടപടികൾ സ്വീകരിക്കും.

സാമൂഹികം.

സാമൂഹികമായ ഉയർച്ചയ്ക്കായ് വിദ്യാലയ
PTA യെ ശക്തമാക്കും. അതിനോടൊപ്പം SMC
കാര്യക്ഷമമാക്കും. ഒരു പ്രവർത്തനങ്ങളിലും അവരെ
ഭാഗമാക്കും. വിദ്യാലയത്തിന്റെ വികസനത്തിൽ
പൊതു സമൂഹവുമായി പങ്കിടുന്നതിനായി അവരുടെ
സേവനങ്ങൾ ഉപയോഗപ്പെടുത്താം. കുട്ടികളുടെ
ഭവന സന്ദർശനം നിർബന്ധമായും നടത്താം.
അതുവഴി കുട്ടികളുടെ ചുറ്റുപാടുകളെക്കുറിച്ച്
മനസ്സിലാക്കാനും അവരുടെ പഠനത്തിന്
സഹായിക്കാനും കഴിയും. സ്കൂളിന്റെ പുരോഗതി
ക്ക് വേണ്ടി വിവിധ ക്ലബ്ബുകൾ, പൂർവ്വാധ്യാപകർ,
പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സേവനം
പ്രയോജനപ്പെടുത്താം.

നിറയെ കുട്ടികൾ വർണ്ണശലഭമായി
ചിറക് വിരിച്ച് പറന്ന് നടക്കുന്ന കാഴ്ചയാണ്
എന്റെ വിദ്യാലയത്തിലൂടെ ഞങ്ങൾ വിഭാവനം
ചെയ്യുന്നത്.